പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**പി.എം.ജി.എസ്.വൈ.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1627 — 12-06-2019-ൽ മറുപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. എ. സി. മൊയ്തീൻ** (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള അക്കൗണ്ടിലെ ബാക്കിയുള്ള തുകയായ 1,57,23,261 രൂപ പ്രളയത്തിൽ തകർന്ന വീടുകൾക്കും റോഡുകൾക്കും നൽകുന്നതിനുള്ള അനുവാദത്തിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) യും (ബി) യും | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ.യുടെ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ 31/08/2018-ൽ 1,57,23,261/- രൂപ നീക്കിയിരുപ്പുണ്ടായിരുന്നു. ഇതിൽ ചെലവഴിക്കാൻ സാദ്ധ്യതയില്ലാത്ത 64,15,934/- രൂപ കാലവർഷക്കെടുതിയിൽ വീട് തകർന്നവർക്ക് വീട് റിപ്പയർ ചെയ്യുന്നതിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം 05/02/2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും പ്രളയത്തിൽ തകർന്ന വീടുകൾ റിപ്പയർ ചെയ്യുന്നതിന് മറ്റ് സോഴ്സിൽ നിന്ന് ധനസഹായം നൽകുന്നതിനാൽ അനുമതി നിരസിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികളും ഫയലിന്റെ നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ; | | |

സെക്ഷൻ ഓഫീസർ